പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1209 13.06.2013 -ൽ മറുപടിക്ക്

## 2012-13 വർഷത്തെ ബജറ്റിൽ പ്രഖ്യാപിച്ചിരുന്നതും നടപ്പിലാക്കാതെ പോയതുമായ പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പുരുഷൻ കടലുണ്ടി : | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പു മന്ത്രി) |
| (എ) 2012-13 വർഷത്തെ ബജറ്റിൽ പ്രഖ്യാപിക്കപ്പെട്ട പൊതുമരാമത്ത് വകുപ്പിന്റെ ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ കഴിയാതെ പോയത് എന്ന് വെളിപ്പെടുത്താമോ ; | (എ) കെ.എസ്.ടി.പി<br>2012-13ബഡ്ജറ്റിൽ പ്രഖ്യാപിച്ച കെ.എസ്.ടി.പി. രണ്ട് പദ്ധതിയിൽപ്പെടുന്ന റോഡുകളുടെ നിർമ്മാണം 2013 ജൂൺ മാസം ആരംഭിച്ചു കഴിഞ്ഞു.<br>കെട്ടിട വിഭാഗം<br>2012-13 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് നിർദ്ദേശങ്ങളിൽ ഇതുവരെ നടപ്പിലാക്കുവാൻ സാധിച്ചിട്ടില്ലാത്ത പദ്ധതികൾ<br>1. ഹെറിറ്റേജ് കെട്ടിടങ്ങളുടെ സംരക്ഷണവും പുനരുദ്ധാരണവും<br>തിരഞ്ഞെടുത്തിട്ടുള്ള കെട്ടിടങ്ങളുടെ പുനരുദ്ധാരണത്തിനുള്ള നടപടി ക്രമങ്ങൾ പൊതുമരാമത്ത് വകുപ്പ് ആർക്കിടെക്ചറൽ വിഭാഗത്തിന്റെ നേതൃത്വത്തിൽ എടുത്തു വരുന്നു.<br>2. ഹരിത നിർമ്മാണ നയം<br>ഈ നയവുമായി ബന്ധപ്പെട്ട് പൈലറ്റ് പ്രോജക്ട് ആയി PWD കോംപ്ലക്സ് നേര്യമംഗലം, PWD കോംപ്ലക്സ് PMG Jn. തിരുവനന്തപുരം. ഇവ നടപ്പിലാക്കുന്നതിനുള്ള നടപടികൾ ആർക്കിടെക്ചറൽ വിഭാഗത്തിൽ നടന്നു വരുന്നു.<br>3. എക്സൈസ് വകുപ്പിലെ കെട്ടിടങ്ങളുടെ പുനരുദ്ധാരണ പദ്ധതിക്കായി അനുവദിച്ച തുകയുടെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത പദ്ധതികൾക്ക് എന്ത് തുകയാണ് ബജറ്റിൽ വകയിരുത്തിയിരുന്നത്; ഓരോന്നിന്റെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | (ബി) കെ.എസ്.ടി.പി<br>2013-14 സാമ്പത്തിക വർഷം കെ.എസ്.ടി.പി.ക്ക് 280.128 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത്.<br>കെട്ടിട വിഭാഗം<br>എക്സൈസ് വകുപ്പിലെ കെട്ടിടങ്ങളുടെ പുനരുദ്ധാരണത്തിനായി വകയിരുത്തിയ 100 ലക്ഷം രൂപയിൽ 48.66 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ